## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3162** **19/06/2018-ൽ മറുപടിയ്ക്ക്**

## കൊക്കറപ്പറമ്പിൽ ലീലയുടെ വീട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം<br><br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം നഗരസഭയുടെ 2017-18 കാലഘട്ടത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18 കാലഘട്ടം) വിവിധ പദ്ധതികളിൽ ആനുകൂല്യം ലഭിക്കുകയും എന്നാൽ പൂർത്തികരിക്കാൻ കഴിയാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ പൂർത്തികരിക്കാനുള്ള 3644 ഭവനങ്ങളിൽ 2770 എണ്ണം പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | നഗരസഭയുടെ ബി.എസ്.യു.പി പദ്ധതി പ്രകാരം വീട്ടുപണി നടത്തിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള തുക നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | 2016 മാർച്ച് 31-ന് മുമ്പ് കരാറിലേർപ്പെടുകയോ ആദ്യഗഡു കൈപ്പറ്റുകയോ ചെയ്യുകയും 01.11.2017- ന് മുമ്പ് പൂർത്തീകരിക്കാത്തതുമായ ബി.എസ്.യു.പി ഗുണഭോക്താക്കൾക്ക് ആനുപാതിക വർദ്ധനവ് തുക ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ മുഴുവൻ തുകയും കൈപ്പറ്റി വീട്ടു പണി പൂർത്തികരിച്ചിട്ടില്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിക്കാൻ അർഹതയില്ല. |
| (സി) | ബി.എസ്.യു.പി പദ്ധതിയിൽ പണി പകുതി പൂർത്തീകരിച്ച, താമസയോഗ്യമല്ലാത്ത വീടുകൾക്ക്, ലൈഫ് മിഷൻ പദ്ധതിയിലൂടെ അധിക തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ | (സി) | ബി.എസ്.യു.പി പദ്ധതി പ്രകാരം 2016 മാർച്ച് 31-ന് മുമ്പ് ഭവന നിർമ്മാണം തുടങ്ങുകയോ ആദ്യഗഡു കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തികരിക്കാൻ സാധിക്കാത്തതുമായ ഗുണഭോക്താക്കൾ ആണെങ്കിൽ അവർക്ക് ആനുപാതിക |

| | | | |
|---|---|---|---|
| | | | വർദ്ധനവ് തുകയ്ക്ക് അർഹതയുള്ളതാണ്. മുഴുവൻ തുക വാങ്ങി ഭവനം നിർമ്മിച്ചവരെ ലൈഫ് മിഷൻ പദ്ധതിപ്രകാരം പരിഗണിക്കാൻ കഴിയില്ല. |
| (ഡി) | നഗരസഭയുടെ കാട്ടായിക്കോണം വാർഡിൽ ലീല, കൊക്കറപ്പറമ്പിൽ വീട്, തുണ്ടത്തിൽ, കാര്യവട്ടം എന്ന വ്യക്തിക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടു പണിക്ക് സഹായം നൽകണമെന്നു കാണിച്ച് നൽകിയിരുന്ന അപ്പീൽ പെറ്റീഷനിൽ നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) & (ഇ) | തിരുവനന്തപുരം നഗരസഭയിൽ കാട്ടായിക്കോണം വാർഡിൽ, ലീല, കൊക്കറപ്പറമ്പിൽ വീട്, തുണ്ടത്തിൽ, കാര്യവട്ടം എന്ന വ്യക്തി, മകന് വസ്തു എഴുതി നൽകിയിട്ടുള്ളതും, മകന്റെ ഭാര്യ (സിന്ധു) ബി.എസ്.യു.പി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ടി വ്യക്തി ബി.എസ്.യു.പി പദ്ധതി പ്രകാരമുള്ള തുക കൈപ്പറ്റിയിട്ടുള്ളതും അവസാന ഗഡു ലൈഫ് പദ്ധതി പ്രകാരമുള്ള അധികരിച്ച തുകയുടെ ആനുപാതികമായി കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തികരിച്ച് നിലവിൽ ആ വീട്ടിൽ താമസിച്ചുവരുന്നതുമാണ്.ലീല ഇപ്പോൾ മകനോടൊപ്പം പൂർത്തിയായ ഈ ഭവനത്തിലാണ് താമസിക്കുന്നത് .ഇവർ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളതാകയാലും ലീലയുടെ മകന്റെ ഭാര്യ ബി.എസ്.യു.പി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പണിക്ക് അധിക ധനസഹായം നല്കാൻ സാധിക്കുന്നതല്ല. |
| (ഇ) | ലീലയുടെ വീടിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തുക നൽകുന്ന കാര്യം പരിശോധിക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**